ശ്രീ. ആർ. പ്രകാശം : ഈ ബിൽ ഈ സെഷനിൽ അവതരിപ്പിക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. ആർ. പ്രകാശം : ഇപ്പോൾതന്നെ വളരെ കൂടുതൽ നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നതിനാൽ ഈ സെഷനിൽതന്നെ ഇതു സംബന്ധിച്ച ബിൽ അവതരിപ്പിക്കുന്നതിനു ശ്രമിക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇതിനു എന്തെങ്കിലും പരിഹാരം ഉണ്ടാക്കാനുള്ള നടപടികൾ നടത്തിവരുന്നതാണ്.

ശ്രീ. എ. എ. ഡി. ലൂയിസ് : ഹൈക്കോടതി വിധിയുടെ സ്ഥിതിക്ക് പിരിച്ചു തുക മടക്കിക്കൊടുക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ ; അങ്ങനെ വേണമെന്നു തോന്നുന്നില്ല.

ശ്രീ. എൻ. ജി. ചാക്കോ : പഞ്ചായത്തുകൾ എൻറർടെയ്ൻമെൻറ് ടാക്സ് പിരിക്കുന്നതിനെപ്പറ്റി വല്ല ഭേദഗതിയും വരുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പരിശോധിച്ചിട്ടില്ല.

ശ്രീ. പി. ഭാസ്കരൻ നായർ : നിയമപരമല്ലാതെ പിരിച്ച തുക മടക്കി കൊടുക്കേണ്ടതല്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനെപ്പറ്റി അന്വേഷിച്ചതിൽ അങ്ങനെ വേണമെന്നില്ല എന്നാണ് മനസ്സിലാക്കിയിട്ടുള്ളതു്. ഈ വക കഴുപ്പുങ്ങൾ എല്ലാം പരിഹരിക്കാനാണ് ബില്ലുകൊണ്ടുദ്ദേശിക്കുന്നതു്.

ഹരിജൻവിദ്യാർത്ഥികൾക്കും മുസ്ലീം വിദ്യാർത്ഥിനികൾക്കും ഉള്ള ഗ്രാൻറുകൾ.

* 657. [17] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജൻ വിദ്യാർത്ഥികൾക്കും മുസ്ലീംവിദ്യാർത്ഥിനികൾക്കും ഗ്രാൻറ്, പാഠപുസ്തക വിതരണം ഇനത്തിൽപ്പെട്ട പ്രൈവറ്റ് മാനേജ്മെൻറുകൾ വഴിയായി, ഈ വിദ്യാലയവർഷത്തിൽ എന്തു തുക ചെലവാക്കി; ഈ ഗ്രാൻറുകൾ വാങ്ങിയതായി ഒപ്പിടുവിച്ചിട്ടു തുക മുഴുവനും ഹെഡ് മാസ്റ്റർമാരും മാനേജരും ചേർന്നു നൽകാതെ ഇരുന്നതായി പരാതി ഉണ്ടായിട്ടുണ്ടോ ; പ്രൈവറ്റുകാളേജുകളെപ്പറ്റിയും ഇത്തരം പരാതി ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകളിലും കോളേജുകളിലും നിന്നാണ് പരാതി ഉണ്ടായിട്ടുള്ളതു് ;

(ബി) ടി പരാതികളിന്മേൽ എന്തു നടപടി എടുത്തു ; ഏതെങ്കിലും പരാതി അന്വേഷണം നടത്തിയതിൽ ശരിയാണെന്നു തെളിഞ്ഞിട്ടുണ്ടോ ; ഏതെങ്കിലും മാനേജരേയോ ഹെഡ്മാസ്റ്ററേയോ ക്രമിനൽ നടപടിക്കു വിധേയനാക്കിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): (എ) ഹരിജനവിദ്യാർത്ഥികൾക്ക് ഗ്രാൻറ്, സാമാന്യമായി പാഠപുസ്തക വിതരണം എന്നീ ഇനങ്ങളിലായി, ഒരു ലക്ഷത്തിഎഴുപത്തോരായിരം രൂപ പ്രൈവറ്റ്കാളേജുകൾ വഴി ഈ വിദ്യാലയവർഷത്തിൽ ചെലവു ചെയ്തിട്ടുണ്ട്. പ്രൈവറ്റ്സ്കൂളുകളിലേയ്ക്കുള്ള തുകയ്ക്ക് പ്രത്യേകം കണക്കു വച്ചിട്ടില്ല. ഹരിജനവിദ്യാർത്ഥികൾക്ക് നൽകിവരുന്ന സാമാന്യതുകം മുസ്ലീം വിദ്യാർത്ഥികൾക്ക് നൽകിവരുന്നില്ല. പാഠപുസ്തകങ്ങൾക്കുവേണ്ടി വാങ്ങിച്ചിട്ടുള്ള ഗ്രാൻറുമുഴുവനും കുട്ടികൾക്കു നൽകിയീട്ടില്ലെന്ന് തുരുനാട്ടിൽ ഹൈസ്കൂളിൽനിന്നും സ്കൂൾ അധികാരികളെ സംബന്ധിച്ചു ഒരു പരാതി ഉണ്ടായിട്ടുണ്ട്. അതുപോലെ, നെയ്യാറ്റിൻകര ചെമ്പൂരുള്ള ഒരു സ്കൂളിലെ വിദ്യാർത്ഥിക്കും തുക മുഴുവൻ ലഭിച്ചിട്ടില്ലെന്നു വിദ്യാർത്ഥിയുടെ മാതാവിൻെറ പരാതി കിട്ടിയിട്ടുണ്ട്.

(ബി) തുരുനാട്ടു ഹൈസ്കൂൾ അധികാരികളെപ്പറ്റിയുള്ള പരാതിയിന്മേൽ കൂടുതൽ വിവരങ്ങൾ അന്വേഷിച്ചുവരുന്നു. നെയ്യാറ്റിൻകരയിലെ വിദ്യാർത്ഥിയുടെ കാര്യം അന്വേഷിച്ചതിൽ, കുട്ടിക്കു കൊടുക്കേണ്ട 25 രൂപയിൽ 15 രൂപ ആ കുട്ടിക്കു കൊടുത്തുവെന്നും, ബാക്കി 10 രൂപ അവരുടെ അഭിപ്രായപ്രകാരം മറ്റൊരാൾക്കു കൊടുത്തുവെന്നും, അതിനുശേഷം ആ പത്തു രൂപ തിരിയെ വേണമെന്നു് അവർ ആവശ്യപ്പെടുകയും മടക്കിക്കൊടുക്കുകയും ചെയ്തുവെന്നും അറിയാൻ കഴിഞ്ഞു. ഈ കാര്യത്തിൽ ഹെഡ്മാസ്റ്ററെ കർശനമായി താക്കീതുചെയ്തിട്ടുണ്ട്. തനിക്കു കിട്ടാനുള്ള തുക മുഴുവൻ കിട്ടി, യാതൊരു പരാതിയും അതിന്മേൽ ഇപ്പോഴില്ല എന്നു പരാതി അയച്ച കുട്ടിയുടെ രക്ഷകർത്താവിൽനിന്നും അപേക്ഷ കിട്ടിയിട്ടുണ്ട്.

ശ്രീ. പി. ആർ. മാധവൻപിള്ള: ഇങ്ങനെയുണ്ടാകുന്ന പരാതികളെപ്പറ്റി അന്വേഷണം നടത്തുന്നതു ആരൊടാണു്; രക്ഷകർത്താക്കളെയും അത്തരം അന്വേഷണത്തിൽ ഉൾപ്പെടുത്തുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: രക്ഷകർത്താക്കൾ, കുട്ടികൾ, സ്കൂൾ അധികൃതർ എന്നിവരോടെല്ലാം അന്വേഷണം നടത്താവുന്നതാണു്.

ശ്രീ. പി. ആർ. മാധവൻപിള്ള: തുരുനാട്ടുകേസു സംബന്ധിച്ചു അന്വേഷണത്തിൽ പരാതിക്കാരെ ഉൾപ്പെടുത്തിയില്ല എന്നു പറയുന്നതു ശരിയാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ശരിയല്ല. സ്കൂളിൽപോയി കുട്ടികളെ വിളിച്ചു അന്വേഷിക്കും. അവിടെ അങ്ങനെ ചെയ്തിട്ടില്ലെന്നു പറയുന്നതു അടിസ്ഥാനരഹിതമാണു്.

ശ്രീ. പി. ആർ. മാധവൻപിള്ള: കുട്ടികളോടു ചോദിച്ചാൽ ഭീഷണികൊണ്ടുമാത്രം കിട്ടിയില്ല എന്നു പറയാൻ അവർക്കു വിഷമം നേരിടുന്ന ഒരു പരിതഃസ്ഥിതിയുണ്ടാവില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കുട്ടികൾക്കു് ഉള്ള കാര്യം പറയാവുന്നതാണു്.

ശ്രീ. പി. ആർ. മാധവൻപിള്ള: കുട്ടികളെ സംബന്ധിച്ചിടത്തോളം ഈ കാര്യം തുറന്നു പറയുന്നതിനു നിവൃത്തിയില്ലാത്ത ഒരു പരിതഃസ്ഥിതി ഉണ്ടാകുകയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ ഏതെങ്കിലും ഒരു സ്കൂൾ ഇന്ന സംസ്ഥാനമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള : രക്ഷകർത്താക്കളെ വരുത്തി അന്വേഷിക്കുന്ന കാര്യം ആലോചിക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : രക്ഷകർത്താക്കളെയും കുട്ടികളെയും വരുത്തി ചോദിക്കുന്നുണ്ട്.

ശ്രീ. കെ. എ. ബാലൻ : ഈ രണ്ടു സ്കൂളുകളിൽനിന്നുമല്ലാതെ വേറെ പരാതി കിട്ടിയിട്ടില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അധികൃതമായി വേറെ പരാതികൾ കിട്ടിയിട്ടില്ല.

ശ്രീ. ടി. എ. മജീദ് : മുസ്ലീംവിദ്യാർത്ഥികൾക്കു എന്തെല്ലാം സൗജന്യങ്ങളാണു നൽകുന്നതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പ്രധാനമായും ഹരിജനവിദ്യാർത്ഥികൾക്കാണു് ഈ ഡിപ്പാർട്ടുമെൻറുവഴി സഹായധനവും സൗജന്യങ്ങളും നൽകിവരുന്നതു്. മുസ്ലീംവിദ്യാർത്ഥികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

ശ്രീ. ടി. എ. മജീദ് : ഈ ഡിപ്പാർട്ടുമെൻറിൽ നിന്നല്ലേ ഇതിൻറെ വിവരങ്ങൾ ശേഖരിക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മുസ്ലീംവിദ്യാർത്ഥികൾക്കും വിദ്യാഭ്യാസസൗജന്യങ്ങൾ നൽകിവരുന്നുണ്ടു്.

ശ്രീ. ടി. എ. മജീദ് : എന്തെല്ലാം സൗജന്യങ്ങൾ നൽകിവരുന്നു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസുവേണം.

അദ്ധ്യാപകരുടെ ഇംക്രിമെൻറു്.

* 658. [18] ശ്രീ. ടി. എ. മജീദ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) സർക്കാർ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ഇംക്രിമെൻറു നിരക്കു് എന്തു്; ഈ നിരക്കു് വളരെ അപര്യാപ്തമാണെന്നു് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടന്നു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സർക്കാർ പ്രൈമറി സ്കൂളിൽ അദ്ധ്യാപകന്മാരുടെ ഇംക്രിമെൻറുനിരക്കു് അപര്യാപ്തമാണെന്ന നിവേദനം ലഭിച്ചിട്ടുണ്ടു്.

(ബി) നിവേദനം ഗവണ്മെൻറിൻറെ പരിഗണനയിൽ ഇരിക്കുകയാണു്. പേ കമ്മിഷൻ റിപ്പോർട്ടിന്മേൽ അടുത്ത ഓർഡേഴ്സു് ആകുന്നതോടുകൂടി ഇതിനു പരിഹാരം ഉണ്ടാകുമെന്നു കരുതുന്നു.